(സി) പ്രസ്തുത ഭൂമി അടിയന്തരമായി കൈമാറുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ - സി) റാന്നി ഗവൺമെന്റ് ഐ.ടി.ഐ.-ക്കുവേണ്ടി 12-5-2010-ൽ 4 ഏക്കറും 19-6-2012-ൽ 3 ഏക്കറും ഭൂമി വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രാജു എബ്രഹാം, എം.എൽ.എ. ബഹു. ജലവിഭവ വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. 27-6-2014-ലെ 30863/ഐ.ആർ. I/12/ജവിവ നമ്പർ കത്ത് പ്രകാരം 0.749 ഹെക്ടർ ഭൂമി ഈ ആവശ്യത്തിനായി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടുനൽകുവാൻ ജലവിഭവ വകുപ്പ് അനുമതി നൽകി തുടർ നടപടികൾ കൈക്കൊള്ളുവാൻ പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. അതിനെ തുടർന്ന് ഭൂമി വിട്ടുനൽകി ഉത്തരവാകുന്നതിനു വേണ്ട 22-12-2000-ലെ സ.ഉ.(കൈ) 387/2000/റവ. എന്ന ഉത്തരവ് വ്യവസ്ഥ ചെയ്യുന്ന തുടർ നടപടികൾ കൈക്കൊണ്ട് വരികയാണ്.

ഏറനാട് മണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ പദ്ധതികൾ

144 (4430) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളിലൂടെ മലപ്പുറം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കിയോ ; ഇനിയും ഏതെല്ലാം പദ്ധതികളാണ് ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കാനായി സർക്കാരിന്റെ പരിഗണനയിലുള്ളത് ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ, മൈനർ ഇറിഗേഷൻ വിഭാഗത്തിൽ മലപ്പുറം ജില്ലയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ലിസ്റ്റും ഭരണാനുമതി ലഭിക്കേണ്ട പ്രവൃത്തികളുടെ ലിസ്റ്റും അനുബന്ധമായി ചേർത്തിരിക്കുന്നു * .

റിവർ മാനേജ്മെന്റ് ഫണ്ട്

145 (4431) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും കൊല്ലം ജില്ലയിൽ ഈ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) നദീസംരക്ഷണത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പേര്, അടങ്കൽത്തുക, നിലവിലുള്ള സ്ഥിതി എന്നിവ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഏറനാട് മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതി

146 (4432) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 2013-2014 വർഷത്തിൽ ഏറനാട് നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) അവയിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) <u>ജലസേചന വകുപ്പ്:</u> വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറനാട് നിയമസഭാ മണ്ഡലത്തിൽ "ഊർങ്ങാട്ടിരി പഞ്ചായത്തിൽ കിണറപ്പ് ഷൗക്കക്കടവിൽ ചെറുപുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം" എന്ന പ്രവൃത്തിക്ക് 25-4-2014-ലെ G.O.(Rt) No. 416/2014/WRD എന്ന ഉത്തരവ് പ്രകാരം 45 ലക്ഷം രൂപയുടെ ഭർണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly